# MUPPAIKKADU L P S – KOTTAYAM

# ACADEMIC MASTER PLAN 2025-26

# എൽ. പി. എസ്. മുപ്പായിക്കാട്

## അക്കാദമിക മാസ്റ്റർപ്ലാൻ 2025-2026

2025 മെയ്മാസം 28-ാം തീയതി ചർന്ന P.T.A കമ്മറ്റി, SRG മീറ്റിംഗുകളിൽ സ്കൂൾ പ്രവേശനോത്സവത്തെക്കുറിച്ച് ആലോചിച്ച് തീരുമാനങ്ങൾ എടുത്തു. സ്കൂളും പരിസരവും മുത്തുക്കുടകൾ, തോരണങ്ങൾ എന്നിവകൊണ്ട് അലങ്കരിക്കുവാനും നവാഗതരെ സമ്മാനങ്ങൾ നൽകി സ്വീകരിക്കുവാനും മധുരപലഹാരങ്ങളും ഉച്ചഭക്ഷണവും നൽകുവാനും തീരുമാനിച്ചു.

ജൂൺ 2-ാം തീയതി പ്രവേശനോത്സവ സമ്മേളനത്തിൽ ഹെഡ്മിസ്ട്രസ്സ് ശ്രീമതി ഐസി കെ. കോര സ്വാഗതം ആശംസിക്കുകയും, വിശിഷ്ഠാതിഥിയായി വ്യക്തിത്വ വികസന മാർഗ്ഗദർശി **ശ്രീ. ലാൽ വർഗീസ്** പങ്കെടുക്കുകയും ചെയ്തു. വാർഡ് മെമ്പർ **ശ്രീ. കെ. യു. രഘു സമ്മേളനം ഉദ്ഘാടനം** ചെയ്തു. P.T.A പ്രസിഡന്റ് ശ്രീ. രഞ്ജിത്ത് ഇ എം നന്ദി പ്രകാശിപ്പിച്ചു. വികസന സമിതി അംഗങ്ങൾ, പൂർവ്വവിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ എല്ലാവരും സമ്മേളനത്തിൽ പങ്കെടുത്തു.

**June 5 പരിസ്ഥിതിദിനം** - വൃക്ഷതൈകളും, പച്ചക്കറിത്തോട്ടവും സ്കൂളിലും കുട്ടികളുടെ വീടുകളിലും നട്ടുപിടിപ്പിച്ചു. പോസ്റ്റർ നിർമ്മാണം, പരിസ്ഥിതിദിന ബോധവത്കരണ ക്ലാസ്സ് എന്നിവ നടന്നു.

എല്ലാ വെള്ളിയാഴ്ചകളിലും SRG മീറ്റിംഗുകൾ നടക്കുന്നു. PTA പൊതുയോഗം ചേർന്ന് സ്കൂൾ വികസനം, പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നു. സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി June 3 മുതൽ 13 വരെ കുട്ടികൾക്ക് വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി അദ്ധ്യാപകർ ക്ലാസ്സ് എടുത്തു. ഹെഡ്മിസ്ട്രസ്സും, അദ്ധ്യാപകരും PTA കമ്മറ്റിയംഗങ്ങളും വികസന സമിതിയംഗങ്ങളും ചേർന്ന് സ്കൂൾ സുരക്ഷിതമാണെന്ന് പരിശോധിച്ച് ഉറപ്പു വരുത്തി.

**June - 19 വായനാദിന**ത്തോടനുബന്ധിച്ച് പുന്നയ്ക്കൽ പബ്ലിക് ലൈബ്രറി സന്ദർശിച്ചു. ക്വിസ് മത്സരം, വായനാമത്സരം, ലൈബ്രറി പുസ്തക വിതരണം എന്നിവ നടന്നു ലഹരി വിരുദ്ധ പ്രതിജ്ഞ, ബോധവത്കരണ ക്ലാസ്, നാടകം എന്നിവ ലോക ലഹരി വിരുദ്ധദിനത്തോടനുബന്ധുച്ച് നടന്നു. ബഷീർ ചരമ ദിനം, ഡോക്യുമെന്ററി പ്രദർശനം, ബഷീർ കഥാപാത്രങ്ങളുടെ പരിചയപ്പെടുത്തൽ, വേഷം ധരിക്കൽ എന്നീ പരിപാടികളോടെ ആചരിച്ചു.

**ജൂലൈ 15-ാം** തീയതി മുതൽ മിഡ് ടേം പരീക്ഷ നടത്തി. എല്ലാമാസവും അവസാനത്തെ വെള്ളിയാഴ്ച വിദ്യാരംഗം കലാപരിപാടികൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. **ആഗസ്റ്റ് 5-ാം** തീയതി തിരഞ്ഞെടുപ്പ് മാതൃകപരമായി കുട്ടികളെ

പരിചയപ്പെടുത്തി സ്കൂൾ ലീഡറെ തിരഞ്ഞെടുത്തു. **ആഗസ്റ്റ് 15** ക്വിസ് മത്സരം, ദേശഭക്തിഗാനാലാപനം, പ്രസംഗം, കളറിംഗ്, പോസ്റ്റർ നിർമ്മാണം എന്നീ പ്രവർത്തനങ്ങളോടെ നടത്തി. ഹെഡ്മിസ്ട്രസ് ദേശീയപതാക ഉയർത്തുകയും സ്വാതന്ത്ര്യദിന സന്ദേശം നൽകുകയും ചെയ്തു. പി. ടി .എ പ്രസിഡന്റ് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

വെള്ളിയാഴ്ച എയ്റോബിക്സ് ഉൾപ്പെടുത്തി. **റേഡിയോ നെല്ലിക്ക** ഉച്ചയ്ക്ക് കുട്ടികൾക്ക് കേൾക്കുവാൻ അവസരം നൽകുന്നു.

**ആഗസ്റ്റ് 15–ാം** തീയതി P T A കമ്മറ്റി ചേർന്ന് ഓണാഘോഷം നടത്തുന്ന തിനെപറ്റി ആലോചിച്ചു. സദ്യ, ഓണക്കളികൾ, ഓണപ്പാട്ട്, പൂക്കളം എന്നീ പരിപാടികൾ ഉൾപ്പെടുത്തുവാനും അതിന് ആവശ്യമായ ഫണ്ടിനെപ്പറ്റിയും ആലോചിച്ച് തീരുമാനിച്ചു.

**ആഗസ്റ്റ് 20–ാം** തീയതി മുതൽ ഒന്നാം ടേം പരീക്ഷ ആരംഭിക്കും. കുട്ടികൾക്ക് ടൈംടേബിൾ നൽകി,

| | |
|---|---|
| **10-09-2025** | **കലാമത്സരം:** 11-09-2025 കായികമത്സരവും നടത്തുവാൻ തീരുമാനിച്ചു. പ്രവർത്തിപരിചയ മേളകൾക്കുള്ള പരിശീലനം ആരംഭിച്ചു. |
| **10/9/2025** | S R G |
| **17/9/2025** | S RG |
| **24/9/2025** | S R G |
| **30/9/2025** | S R G, വിദ്യാരംഗം |
| **06-10-2025** | സ്കൂൾ അസംബ്ലി എല്ലാ തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിലും SRG എല്ലാ വെള്ളിയാഴ്ചകളിലും നടത്തുന്നു. |
| **14-11-2025** | **ശിശുദിനം –** ക്വിസ് മത്സരം, പാട്ടുകൾ, ചാച്ചാജിയുടെ വേഷം ധരിക്കൽ എന്നീ പ്രവർത്തനങ്ങളോടെ നടത്തുവാൻ തീരുമാനിച്ചു. |
| **15-12-2025** | രണ്ടാം ടേം മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കും.<br>ക്രിസ്തുമസ്സ് ആഘോഷം. |
| **19-12-2025** | ക്രിസ്തുമസ്സ് അവധിക്കായി സ്കൂൾ അടയ്ക്കും. |
| **29-12-2025** | അവധിക്കുശേഷം സ്കൂൾ തുറന്ന് പ്രവർത്തിക്കുന്നതാണ്. |
| **26-01-2026** | റിപ്പബ്ലിക്ദിനം – വിവിധ പരിപാടികളോടെ ആചരിക്കും |
| **06-03-2026** | പഠനോത്സവം, ആനിവേഴ്സറി, മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ. |

# പ്രാഥമിക വിവരങ്ങൾ

റവന്യൂ ജില്ല - കോട്ടയം
സ്കൂൾ കോഡ് - 33425
സ്കൂളിന്റെ പേര് - മുപ്പായിക്കാട് എൽ പി എസ്
പിൻ കോഡ് - 686012
ഫോൺ നമ്പർ - 0481- 2342543
ഇ-മെയിൽ - muppaikkadlps@gmail.com
മുൻസിപ്പാലിറ്റി - കോട്ടയം
പഞ്ചായത്ത് - നാട്ടകം, വാർഡ് 30
വിദ്യാഭ്യാസ ജില്ല - കോട്ടയം
ഉപജില്ല - കോട്ടയം ഈസ്റ്റ്
മാനേജ്മെന്റ് - സിംഗിൾ മാനേജ്മെന്റ്
ക്ലാസുകൾ - പ്രീപ്രൈമറി
1 മുതൽ 4 വരെ
ബോധനമാധ്യമം - മലയാളം

## ആമുഖം

കോട്ടയം ജില്ലയിൽ നാട്ടകം പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന മുപ്പായിക്കാട് എൽ പി സ്കൂൾ ആദ്യ കാലഘട്ടങ്ങളിൽ കൂലവട്ടം കൈതക്കാട്ട് കുടുംബത്തിന്റെ അക്കന്നാത്തിൽ പള്ളിക്കൂടമായി ആരംഭിച്ചതാണ്. വളരെ ദൂരെ നിന്നുപോലും അക്ഷരം അഭ്യസിക്കുവാൻ ഇവിടെ ധാരാളം കുട്ടികൾ എത്തിയിരുന്നു. കാലക്രമേണ മുപ്പായിക്കാട് എൽ പി സ്കൂൾ എന്ന നാമധേയത്തിൽ ഇന്ന് പ്രവർത്തിക്കുന്ന സ്ഥലത്തേയ്ക്ക് മാറ്റിസ്ഥാപിക്കുകയുണ്ടായി.

പുതിയ നാമധേയത്തിൽ പരുത്തിക്കുളം കുടുംബത്തിന്റെ ഉടമസ്ഥതയിൽ ശ്രീ: വാസുദേവൻ നായരുടെ മാനേജ്മെന്റിന്റെ മേൽനോട്ടത്തിൽ സ്കൂൾ ആദ്യ ഘട്ടങ്ങളിൽ പ്രവർത്തിച്ചു വന്നു. 1 മുതൽ 4 വരെ ക്ലാസുകളിൽ 3 ഡിവിഷൻ വീതം കുട്ടികൾ ആ കാലഘട്ടങ്ങളിൽ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം പുത്രൻ ശ്രീ: സുരേഷ് കി. വിയും അദ്ദേഹത്തിന്റെ മരണശേഷം ഭാര്യ ശ്രീമതി: അജിത ആർ നായരും മാനേജരായി പ്രവർത്തിച്ചു. 2018-ൽ 5 അദ്ധ്യാപികമാർ ഓരോ ലക്ഷം രൂപ വീതം ഫണ്ട് ഉണ്ടാക്കി സ്കൂൾ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചു. പൂർവ്വ വിദ്യാർത്ഥികളും നാട്ടുകാരും രക്ഷിതാക്കളും ചേർന്ന് School അറ്റകുറ്റപ്പണികളും, വരാന്തയും നിർമ്മിച്ചു ക്ലാസ് മുറികൾ Tiles ഇടുകയും മുറ്റം interlock ചെയ്യുകയും ചെയ്തു. 13 $\frac{1}{2}$ ലക്ഷ രൂപയുടെ വികസന പ്രവർത്തനങ്ങൾ അന്ന് എല്ലാവരും ചേർന്ന് നടത്തി. പൂർവ്വ വിദ്യാർത്ഥിയും കൊച്ചിൻ ഷിപ്പ്യാർഡ് ഉദ്യോഗസ്ഥനുമായ

[illegible] C.S.R [illegible]

ലക്ഷം രൂപ അനുവദിക്കുകയും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി വെവ്വേറെ Bathroom complex പണി കഴിപ്പിക്കുകയും ചെയ്തു.

Oil Refinery യിൽ നിന്നും പൂർവ്വ വിദ്യാർത്ഥി ശ്രീ: പ്രസാദ് കെ പണിക്കരുടെ ശ്രമഫലമായി 11.24 ലക്ഷം രൂപ അനുവദിക്കുകയും Daining Hall, Kitchen, Hall, Store Room എന്നിവ പണികഴിപ്പിക്കുകയും ചെയ്തു.

2023-ൽ സ്കൂൾ മാനേജ്മെന്റ് കൈമാറ്റ നടപടികൾ ആരംഭിച്ചു. കരിമാക്കൽ ജോസഫ് മെമ്മോറിയൽ എഡ്യുക്കേഷൻ ട്രസ്റ്റിന് 2025 ഏപ്രിൽ മാസത്തോടെ നടപടികൾ പൂർത്തിയായി പുതിയ മാനേജ്മെന്റ് സ്കൂൾ ഏറ്റെടുക്കുകയും ചെയ്തു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന വസ്തുത പ്രാവർത്തികമാക്കത്തക്കവിധം അക്കാദമിക രംഗത്തും കായിക രംഗത്തും പ്രവർത്തിപരിചയ രംഗത്തും അതുപോലെ മികവ് വർദ്ധിപ്പിക്കുവാൻ സ്കൂളിന് കഴിയുന്നു. എല്ലാ നിലവാരങ്ങളിലുമുള്ള കുട്ടികളെ പരിഗണിച്ചുകൊണ്ട് മികച്ച അധ്യയനം സാധ്യമാകത്തക്കവിധമുള്ള പഠന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. Schoolന്റെ ഭൗതിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി മാനേജ്മെന്റ് PTA, പൂർവ്വ വിദ്യാർത്ഥികൾ എന്നിവർ സഹകരിച്ച് പ്രവർത്തിച്ച് വരുന്നു. സ്കൂളും പരിസരവും

ആകർഷകവും വിജ്ഞാനപ്രദവുമായ ചിത്രങ്ങൾകൊണ്ട് മോടിപിടിപ്പിച്ചു.

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി പ്രകാരം കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായി ഇടപെട്ട് പഠനത്തിനു വേണ്ട സാഹചര്യങ്ങൾ ഒരുക്കി നൽകുന്നു. School

June 2 - പ്രവേശനോത്സവം മാനേജ്മെന്റ്, P.T.A, വികസനസമിതി എന്നിവർ ചേർന്ന് സംഘടിപ്പിച്ചു.

June 3 മുതൽ 13 വരെ സമഗ്രഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ ഭാഗമായി

3/6 - ലഹരിക്കെതിരെ - മയക്കുമരുന്ന്
4/6 - റോഡ് സഞ്ചാരത്തിൽ ശ്രദ്ധിക്കേണ്ടത് ഗതാഗത നിയമങ്ങൾ, ട്രാഫിക് നിയമങ്ങൾ
5/6 - വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ഹരിതം
6/6 - ആരോഗ്യം, വ്യായാമം, കായിക ക്ഷമത
10/6 - ഡിജിറ്റൽ അച്ചടക്കം
11/6 - പൊതുമുതൽ സംരക്ഷണം
12/6 - വൈകാരിക നിയന്ത്രണം ലക്ഷ്യബോധം
13/6 - പൊതു ക്രോഡീകരണം

തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ഓരോ ദിവസവും ഒരു മണിക്കൂർ വീതം അധ്യാപകർ ക്ലാസ് എടുത്തു.

കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന പ്രയാസങ്ങളും പ്രശ്നങ്ങളിൽ ഫലപ്രദമായി ഇടപെട്ട് പഠനത്തിനുവേണ്ട സാഹചര്യം ഒരുക്കുന്നു. കുട്ടികളെ ആകർഷിക്കത്തക്കവിധം പാട്ടുകൾ, കഥകൾ ചിത്രങ്ങൾ, കളികൾ എന്നിവയിലൂടെ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

കുട്ടികളുടെ ശാരീരിക മാനസിക ഉല്ലാസത്തിനായി slide, Swing, See-saw മറ്റ് കളിയുപകരണങ്ങൾ എന്നിവ സ്കൂളിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രീ പ്രൈമറി, ഒന്ന് ക്ലാസുകളിൽ കുട്ടികൾക്ക് Single chair ഉം Table ഉം സജ്ജീകരിച്ചിട്ടുണ്ട്. ICT സാധ്യത പഠനപ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തുന്നു. 2 Lap top ഉം ഒരു Projector ഉം പഠനപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു.

സ്കൂൾ പച്ചക്കറിത്തോട്ടം നല്ല രീതിയിൽ പരിപാലിച്ചു വരുന്നു.

2025 - 2026 അധ്യയന വർഷം School Economic പദവിയിലേക്ക് ഉയർന്നു. പ്രീ പ്രൈമറിയിൽ 26 ഉം പ്രൈമറിയിൽ 67 കുട്ടികൾ പഠിക്കുന്നു.

$t = 40.7$ seconds

* A stone thrown vertically up from the top of a tower with a velocity 20m/s reaches the ground in 6s. Find the height of the tower.

$t = 6s$

$u = 20m/s$

$v =$

$a = -9.8 m/s$

120

$$s = ut + \frac{1}{2}at^2$$

$$20 \times 6 + \frac{1}{2} \times -9.8 \times 6^2 \; 36$$

$$S = 56.4m$$

[illegible] to 120 - 56.4m